**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **15-10-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ടോട്ടക്സ് രീതിയിൽ എ.എം.ഐ. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയമിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു; | (എ) | ടോട്ടക്സ് രീതിയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിശ്ചയിച്ച വിദഗ്ധ സമിതിയോട് മൂന്ന് ടേംസ് ഓഫ് റെഫറൻസുകൾ സംബന്ധിച്ച് അഭിപ്രായം പറയാനാണ് സർക്കാർ ആവശ്യപ്പെട്ടത്. സമിതി സമർപ്പിച്ച റിപ്പോർട്ടിലെ വിദഗ്ദ സമിതിയുടെ അഭിപ്രായങ്ങൾ അടങ്ങിയ Executive Summary **അനുബന്ധമായി** ചേർക്കുന്നു |
| (ബി) | മേൽ പറഞ്ഞ ശിപാർശകൾ ഉണ്ടായിരുന്നിട്ടും സർക്കാർ ടോട്ടക്സ് മോഡൽ ഉപേക്ഷിച്ച് കാപ്പെക്സ് മോഡൽ പദ്ധതിയിലേയ്ക്ക് മാറാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | മൂന്നാമത്തെ TOR പ്രകാരമാണ് ടോട്ടക്സ് പദ്ധതി സംബന്ധിച്ച് വിദഗ്ധ സമിതി ശുപാർശ നൽകിയത്. അത് ഇപ്രകാരമാണ്.<br><br>വിതരണ നഷ്ടത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമുള്ള സബ്സിഡി നഷ്ടപ്പെട്ടുമെങ്കിൽ, ഒരു ടെൻഡറിംഗ് പ്രക്രിയയിലൂടെ തിരഞ്ഞെടുത്ത AMISP മുഖേന KSEBL TOTEX മോഡിൽ ആദ്യ ഘട്ടം നടപ്പിലാക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു.<br><br>എന്നാൽ, ടോട്ടക്സ് അടിസ്ഥാനത്തിൽ സ്മാർട്ട് മീറ്റർ നടപ്പിലാക്കിയില്ലെങ്കിലും വിതരണ നഷ്ടത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമുള്ള സബ്സിഡി ലഭിക്കുമെന്ന് ഊർജ്ജ മന്ത്രാലയം പിന്നീട് വ്യക്തത വരുത്തിയിരുന്നു. അതിനാൽ, വിദഗ്ധ സമിതിയുടെ അഭിപ്രായത്തിന് വിരുദ്ധമാണ് ബദൽ മാതൃകയെന്ന് പറയാനാവില്ല. ടോട്ടക്സ് ടെണ്ടർ പ്രകാരം ഏറ്റവും കുറഞ്ഞ ബിഡ് PACയുടെ 44.8% മുകളിൽ ആയിരുന്നു. ഇത് സാധാരണ ഉപഭോക്താക്കൾക്ക് ഉയർന്ന സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന ആക്ഷേപം ഉണ്ടായി. അതിനാൽ, ചെലവ് കുറഞ്ഞ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള ബദൽ മാതൃകയുമായി മുന്നോട്ട് പോകാനും ആദ്യ ഘട്ടത്തിൽ സാധാരണ ഉപഭോക്താക്കളെ സ്മാർട്ട് മീറ്റർ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിൽ നിന്ന് ഒഴിവാക്കാനുമാണ് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 25.08.2023ന് നടന്ന യോഗം തീരുമാനിച്ചത്. ടോട്ടക്സ് ടെണ്ടർ പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് കരാറുകാരനാണ്. ഇത് കൂടാതെ സ്മാർട്ട് മീറ്റർ പദ്ധതിയിലെ ഡാറ്റ സൂക്ഷിക്കുന്നത് ക്ലൗഡിലാണ്. എന്നാൽ, ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി കെ.എസ്.ഇ.ബി.എൽ ഏറ്റെടുക്കാനും ഡാറ്റ സൂക്ഷിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ -ന്റെ ഡാറ്റാ സെന്റർ തന്നെ ഉപയോഗിക്കാനും ഈ യോഗത്തിൽ തീരുമാനിച്ചിരുന്നു. വിവിധ തലങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഫീഡർ/ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്.ടി. ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ട് ഉപയോഗിച്ച് CAPEX അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ രീതിയിൽ ടോട്ടക്സ് പദ്ധതിയേക്കാൾ ചെലവ് കുറയുന്ന രീതിയിലാണ് ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആദ്യ ഘട്ടം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## Executive Summary

**Terms of Reference -1**

**To examine the possibility of implementing smart meter project directly by KSEBL using technology developed by CDAC**

Committee's recommendations on TOR-1

Direct implementation of Smart metering project by KSEBL in Phase-I using meters with CDAC technology is not advisable as availability of adequate meters and the associated infrastructure is doubtful. In view of the large subsidy amount at stake, it is recommended that the project may be implemented during Phase-1 in TOTEX mode.

It is strongly recommended that an SPV be formed with various stakeholders' who could provide various services required for effective implementation of AMISP. This SPV could be formed as early as possible and could work closely with the implementing agency during Phase-1 and could be empanelled as an AMISP subsequently. It is recommended that SPV could take responsibility of implementation of future stages of the project either directly (if allowed by MOP) or through a consortium formed with an existing empanelled partner.

**Terms of Reference - 2**

**To suggest methods for reducing the financial burden of the consumers on adoption of the smart meters**

Committee's recommendations on TOR-2

By effective implementation of project KSEBL can reduce the AT&C losses to maximum extent possible and can use data analytics to flatten demand curve, better forecasting, forward buying etc. The benefits accrued to KSEBL are much more than that of the consumer. Hence it is logical that KSEBL take a part of the financial burden arising out of the project. During the initial phase,

the entire financial burden shall be offset by gains to KSEBL and three options are possible

i) Do not charge consumers any additional charges ( by ensuring that savings offset AMISP charges)

ii) Charge all consumer 1% uniformly or fix a slightly higher price for high end consumers and have no additional charges for low energy consumption consumers

iii) Do not charge any domestic consumers. The difference in cost (after deducting various savings due to KSEBL) shall be met by increasing tariff slightly for non- domestic consumers

**Terms of Reference - 3**

**To examine whether the financial support under RDSS project will be lost if Smart Meter project is directly implemented by KSEBL not in TOTEX mode**

Committee's recommendations on TOR-3

The Govt. of India grant component for Smart Meter project will be lost if it is not implemented in TOTEX mode. The grant component for modernization works (if sanctioned) under Distribution infrastructure will also be lost if Smart Meter project is not implemented in TOTEX mode.

On the question whether release of fund for loss reduction works under Distribution infrastructure contingent to implementation of smart metering in TOTEX mode, PFC clarified concerned clauses in the RDSS guidelines should be read in its entirety. Some committee members opined that there is lack of clarity on the reply obtained from PFC. So, it is recommended that Govt. of Kerala may take up this issue with MoP to get clarity on the same.

If subsidy for Distribution losses and modernization is at stake, committee recommends that KSEBL may implement first phase on TOTEX mode through an AMISP selected through a tendering process. The tendering can still be done for entire 37 lakhs as in phase-1. It is also recommended that the phase-1 is split into two sub-phases in a single tender, with first sub-phase covering around 10 lakh installations covering the consumers mandated by RDSS and CEA. Domestic

consumers of around 27 lakh in 14 contiguous divisions can be taken up subsequently after monitoring project effectiveness.